ലോക എയ്ഡ്സ് ദിനം 2020

എച്ച്.ഐ.വിയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഇന്നത്തെ നിലയിൽ വിജയിച്ചിരിക്കുന്നത് സമൂഹത്തിലെ കൂട്ടായ്മകളിലൂടെയാണ്. 2020 അവസാനത്തോടുകൂടി ആഗോളതലത്തിൽ 3.8 കോടി എച്ച്.ഐ.വി അണുബാധിതരിൽ 79% പരിശോധനയ്ക്ക് വിധേയരായി. 62% ചികിത്സ ലഭ്യമാക്കി, 53% എച്ച്.ഐ.വി രോഗാണുവിനെ നിയന്ത്രണ വിധേയമാക്കിക്കൊ ് മറ്റുള്ളവരിലേയ്ക്ക് പകർച്ചയുടെ ഭീഷണി ഇല്ലാതാക്കി. 2020–ാം ആ ാടുകൂടി 90–90–90 എന്ന ലക്ഷ്യം പ്രാപ്തമാക്കുക എന്നതിന്റെ മുന്നോടിയായുള്ള നേട്ടമാണിത്. അതായത് എച്ച്.ഐ.വി അണുബാധയുള്ള 90% ജനങ്ങളും അവർ എച്ച്.ഐ.വി അണുബാധിതരാണെന്ന് പരിശോധനയിലൂടെ തിരിച്ചറിയുക, എച്ച്.ഐ.വി അണുബാധിതരാണെന്ന് ക ത്തിയ 90% ആളുകളും 'ആന്റീ റിട്രോ വൈറൽ ചികിത്സ ' ഉറപ്പാക്കുക. ആന്റീ റിട്രോ വൈറൽ ചികിത്സ ലഭ്യമാക്കിയിട്ടുള്ള 90% അണുബാധിതരിലും എച്ച്. ഐ.വി രോഗാണുവിന്റെ പ്രവർത്തനത്തെ നിയന്ത്രണ വിധേയമാക്കുക. ആഗോള തലത്തിൽ **UNAIDS** ന്റെ ലക്ഷ്യം 2030–ഓടുകൂടി അണുബാധ ഈ ഭൂമുഖത്തു നിന്നും തുടച്ചു നീക്കുക എന്നതാണ്.

ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ സെന്റിനൽ സർവ്വെലെയൻസ് 2017–ലെ കണക്ക് അനുസരിച്ച് ഇന്ത്യയിൽ 21.40 ലക്ഷം എച്ച്.ഐ.വി അണുബാധിതരു ്. രാജ്യത്തെ എച്ച്.ഐ.വി അണുബാധിതരിൽ 40 ശതമാനം സ്ത്രീകളാണ്. നിലവിൽ രാജ്യത്ത് 11.81 ലക്ഷം പ്രായപൂർത്തിയായവർ സർക്കാരിന്റെ എയ്ഡ്സ് നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ ചികിത്സയിലു ്. ഇന്ത്യയിൽ 2017–ൽ ഉ ായിട്ടുള്ള പുതിയ എച്ച്.ഐ.വി. അണുബാധിതരുടെ എണ്ണം 87580 ആണ്.

കേരളത്തിൽ എച്ച്.ഐ.വി അണുബാധിതരായി 35679 പേരെ ക ത്തിയിട്ടു ്. കേരളത്തിലെ **Adult HIV Prevelence** 0.08 ശതമാനമാണ്. ഇത് ദേശീയതലത്തിൽ 0.22 ശതമാനമാണ്.

സംസ്ഥാനത്ത് 772 ജ്യോതിസ് കേന്ദ്രങ്ങൾ (ICTC) പ്രവർത്തിക്കുന്നു. അതിൽ സർക്കാർ ആശുപത്രികളിൽ 148 എണ്ണം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ

സൊസൈറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും, 462 എണ്ണം സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടുകൂടിയും, 99 എണ്ണം സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നു. ഇതുകൂടാതെ 2 മൊബൈൽ ഐ.സി.ടി.സി കളും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ ഉ ്. ഇവിടെ എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും സൗജന്യമായി നൽകു കയും പരിശോധന സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യും. എച്ച്.ഐ.വി അണുബാധയുടെ ന്നു കണ ത്തിയാൽ അവരെ കൂടുതൽ ചികിത്സയ്ക്കും മറ്റ് സേവനങ്ങൾക്കും വേ ി ഏ.ആർ.ടി കേന്ദ്രങ്ങളിലേക്ക് അയയ്ക്കും.

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പാലക്കാട് കണ്ണൂർ, കൊല്ലം ജില്ലാ ആശുപത്രികളിലും, കാസർഗോഡ്, എറണാകുളം ജനറൽ ആശുപത്രികളിലും, 10 ഉഷസ് കേന്ദ്രങ്ങൾ (അഞ്ചം ഇലിയ്യേലെ) പ്രവർത്തിക്കുന്നു ്. കൂടാതെ പത്തനംതിട്ട, മലപ്പുറത്തെ തിരൂർ, മഞ്ചേരി, വയനാട്ടിലെ മാനന്തവാടി, ഇടുക്കിയിലെ പൈനാവ്, കാഞ്ഞങ്ങാട് തുടങ്ങിയ ജില്ലാ ആശുപത്രികളിലും നെയ്യാറ്റിൻകര, കൊട്ടാരക്കര, പുനലൂർ താലൂക്ക് ആശുപത്രികളിലും, ലിങ്ക് എ.ആർ.ടി. സെന്ററുകളായി ഉഷസ് ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു ്. 2020-ലെ കണക്കനുസരിച്ച് 24956 എച്ച്.ഐ.വി അണുബാധിതരാണ് ഉഷസ് കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്, നിലവിൽ എ.ആർ.ടി ചികിത്സയിലുള്ളത് 14618 പേരാണ്.

പുലരി കേന്ദ്രങ്ങളിലൂടെ (ടഠക ഇഹശിശരെ) ജനനേന്ദ്രിയ രോഗങ്ങൾക്കുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു. സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും, പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളിലും 23 പുലരി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു ്.

എച്ച്.ഐ.വി അണുബാധാസാധ്യത കൂടുതലുള്ള പ്രത്യേക ലക്ഷ്യ ഗ്രൂപ്പുകൾക്കിടയിൽ പ്രവർത്തിക്കുന്ന 61 സുരക്ഷ പദ്ധതികൾ (ഠമൃഴലലേറ കിലേ്ലിശേീി ജൂീഷലരമേ), അണുബാധാ വ്യാപനം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. സ്ത്രീ ലൈംഗികതൊഴിലാളികൾ, പുരുഷ സ്വവർഗാനുരാഗികൾ, മയക്കുമരുന്നു കുത്തിവയ്ക്കുന്നവർ, കുടിയേറ്റ തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ,

ഭിന്നലിംഗക്കാർ തുടങ്ങിയവർക്കിടയിലൊക്കെ എച്ച്.ഐ.വി അണുബാധാഭീഷണി ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പരിശീലനവും സുരക്ഷ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. ലക്ഷ്യ ഗ്രൂപ്പുകളിൽപെടുന്നവർ അംഗങ്ങളായുള്ള സാമൂഹ്യാധിഷ്ഠിത സംഘടനകൾ തന്നെയാണ് പല സുരക്ഷ പദ്ധതികളും നടപ്പിലാക്കുന്നത്.

സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയോടൊപ്പം പ്രവർത്തിക്കുന്നു.

സംസ്ഥാനത്ത് 181 അംഗീകൃത രക്തബാങ്കുകൾ പ്രവർത്തിക്കുന്നു ്. ഇതിൽ 41 എണ്ണം സർക്കാർ മേഖലയിലും ബാക്കിയുള്ളവ സഹകരണ മേഖലയിലും സ്വകാര്യമേഖലയിലുമായി പ്രവർത്തിക്കുന്നു. പ്രതിവർഷം ശരാശരി 4.2 ലക്ഷം യൂണിറ്റ് രക്തം നമ്മുടെ സംസ്ഥാനത്ത് ആവശ്യമായി വരുന്നു. ഇത് 100% സന്നദ്ധ രക്തദാനത്തിലൂടെ സാധ്യമാക്കുവാൻ വേ ിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

എച്ച്.ഐ.വി പോലെയുള്ള അണുബാധകൾ രക്തത്തിലൂടെ പകരുന്നതിനുള്ള സാധ്യത തള്ളിക്കളയാനാകില്ല. ഈ സാഹചര്യത്തിൽ സുരക്ഷിത രക്തം ലഭ്യമാക്കുക എന്നത് പ്രാധാന്യമുള്ള കാര്യമാണ്. രക്തപരിശോധനയിലൂടെ മാത്രമേ എച്ച്.ഐ.വി അണുബാധ കെ ത്താൻ സാധിക്കുകയുള്ളൂ. എച്ച്.ഐ.വി–യ്ക്കെതിരായ പ്രതിവസ്തു (antibody) രക്തത്തിൽ ഉേ ാ എന്നാണ് പരിശോധിക്കുന്നത്. സാധാരണഗതിയിൽ ഈ പ്രതിവസ്തുവിന്റെ സാന്നിദ്ധ്യം കെ ത്തുവാൻ മൂന്നു മാസം വരെ സമയമെടുക്കും. ഈ കാലയളവിനെ ജാലകവേള (Window Period) എന്നു പറയുന്നു. ആദ്യ പരിശോധനയിൽ എച്ച്.ഐ.വി അണുബാധ ഉ ് എന്ന് കെ ത്തുകയാണെങ്കിൽ ര ു ടെസ്റ്റുകളും കൂടി ചെയ്തുനോക്കുകയും ഈ മൂന്നു പരിശോധനകളുടെയും ഫലം പോസിറ്റീവ് ആണെങ്കിൽ ആ വ്യക്തി എച്ച്.ഐ.വി പോസിറ്റീവ് ആണെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നു.

കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ വിദ്യാർത്ഥികൾക്കിടയിൽ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നു ു. കൂടാതെ ജീവിതനൈപുണ്യം കൈവരിക്കുന്നതിനും എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും കോളേജ് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് റെഡ് റിബൺ ക്ലബ്ബുകൾ നടത്തിവരുന്നത്.

പഞ്ചായത്തുകളുടെ സഹായത്തോടെ പോഷകാഹാര വിതരണ പദ്ധതി, സർക്കാർ സഹായത്തോടെ പ്രതിമാസ ധനസഹായ പദ്ധതി, സൗജന്യ ചികിത്സയും പരിശോധനകളും, സൗജന്യ പാപ്സ്മിയർ (ഗർഭാശയ ക്യാൻസർ) പരിശോധന, "സ്നേഹപൂർവ്വം" വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായത്തോടെ ആശുപത്രികളിൽ പരിചരണം ആവശ്യമായ നിരാലംബരായ എച്ച്.ഐ.വി അണുബാധിതർക്ക് കൂട്ടിരിക്കുന്നതിനായി സഹായിയെ നൽകുന്നതിനുള്ള ട്രീറ്റ്മെന്റ് കെയർ ടീം രൂപീകരിച്ചിട്ടു ു. ഇതുകൂടാതെ എല്ലാ എച്ച്.ഐ.വി അണുബാധിതരെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടു ു.

പുതിയ എച്ച്.ഐ.വി. അണുബാധിതരുടെ എണ്ണം കുറഞ്ഞു വരുന്നു എന്നത് നമ്മുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ്. എങ്കിലും നിലവിൽ ഒരു മാസം ശരാശരി 100 പുതിയ എച്ച്.ഐ.വി. ബാധിതർ ഉ ാകുന്നു എന്നുള്ളത് ആശങ്കയുളവാക്കുന്നു.

അതിനാൽ സമഗ്രമായ പ്രവർത്തനങ്ങളിലൂടെ ആരോഗ്യ സംരക്ഷണ അവകാശം ഉറപ്പാക്കിക്കൊ ു എച്ച്.ഐ.വി അണുബാധ കേരളത്തിൽ നിന്നുതന്നെ തുടച്ചുനീക്കുവാൻ എല്ലാവിഭാഗം ജനങ്ങളും ഒത്തൊരുമിച്ചു നീങ്ങേ ത് അത്യാവശ്യമാണ്.

2005 മുതൽ 2020 ഒക്ടോബർ വരെയുള്ള കണക്കുകൾ

വർഷം	എച്ച്.ഐ.വി. പരിശോധനയ്ക്ക് വിധേയമായവർ				എച്ച്.ഐ.വി. അണുബാധയുള്ളവർ			
	പുരുഷൻ	സ്ത്രീ	ഭിന്നലിംഗം	ആകെ	പുരുഷൻ	സ്ത്രീ	ഭിന്നലിംഗം	ആകെ
2005	8094	22502	0	30596	1476	1151	0	2627
2006	17425	71312	0	88737	1858	1490	0	3348
2007	39609	113286	0	152895	2247	1725	0	3972
2008	44009	137303	0	181312	1652	1096	0	2748
2009	72127	167886	0	240013	1540	1052	0	2592
2010	105213	202961	0	308174	1402	940	0	2342
2011	138787	253983	0	392770	1314	846	0	2160
2012	166361	270196	0	436557	1135	774	0	1909
2013	175442	284102	0	459544	1136	604	0	1740
2014	200821	311180	0	512001	1066	684	0	1750
2015	205533	269881	0	475414	951	543	0	1494
2016	253113	410884	0	663997	922	516	0	1438
2017	268525	419020	0	687545	813	486	0	1299
2018	298106	620346	0	918452	785	435	0	1220
2019	394642	798104	4017	1196763	794	412	5	1211
2020 ഒക്ടോബർ വരെ	210661	525773	2890	739324	452	250	3	705